പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.57 13/01/2021 ൽ മറുപടിക്ക്

## ശബരിമല വികസനം

ചോദ്യം

ശ്രീ. വി. പി. സജീന്ദ്രൻ
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ . ഐ .സി .ബാലകൃഷ്ണൻ
ശ്രീ. വി .ഡി. സതീശൻ

മറുപടി

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമലയെ ദേശീയ തീർത്ഥാടനകേന്ദ്രമായി ഉയർത്തുന്നതിന് കേന്ദ്രസർക്കാരിൽ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. ശബരിമലയെ ഒരു ദേശീയ തീർത്ഥാടന കേന്ദ്രം ആയി പ്രഖ്യാപിക്കാൻ കേന്ദ്ര സർക്കാരിനോട് 14/05/2015-ൽ സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നു.ഇത് കൂടാതെ 2017-18 ലെ ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ബഹു . മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13/11/2017-ൽ ചേർന്ന തെന്നിന്ത്യൻ സംസ്ഥാനങ്ങളുടെ മന്ത്രിമാരുടെ യോഗത്തിലും ശബരിമലയെ ഒരു ദേശീയ തീർത്ഥാടന കേന്ദ്രം ആയി പ്രഖ്യാപിക്കാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കാൻ ഐകകണ്ഠേന തീരുമാനം കൈക്കൊണ്ടതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിനോട് 22/01/2018 നം ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ തീരുമാനം അറിയിച്ചിട്ടില്ല. |
| (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പല ക്ഷേത്രങ്ങളുടെയും നിത്യനിദാന ചെലവ്, ജീവനക്കാരുടെ ശമ്പളം എന്നിവ ശബരിമല വരുമാനത്തെ അശ്രയിച്ചാണ് നിലകൊള്ളുന്നത് എന്നത് വസ്തുതയല്ലേയെന്ന് വ്യക്തമാക്കുമോ; | (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പല ക്ഷേത്രങ്ങളും നിത്യനിദാന ചെലവ്, ജീവനക്കാരുടെ ശമ്പള ചെലവ് എന്നിവ നിർവ്വഹിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നവയാണ്. ശബരിമലയിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ചാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഈ ക്ഷേത്രങ്ങളിലെ ദൈനംദിന കാര്യങ്ങൾ നിർവ്വഹിച്ചുവരുന്നത്. |

| | | | |
|---|---|---|---|
| (സി) | ശബരിമലയിൽ ഈ സീസണിലെ വരവ് എത്രയാണ്; കഴിഞ്ഞ വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ എത്ര കുറവാണ് വരുമാനത്തിൽ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | മുൻ വർഷം സീസണിലെ വരവ് 163,68,33,692/-രൂപയായിരുന്നു .എന്നാൽ, ഈ വർഷം 15/11/2020 മുതൽ 26/12/2020 വരെയുള്ള കണക്ക് പ്രകാരം ആകെ 9,96,72,736/-രൂപയാണ് വരവ്. മുൻ വർഷത്തെ വരുമാനത്തേക്കാൾ 153,71,60,956/- രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. |
| (ഡി) | കോവിഡ് പ്രതിസന്ധിമൂലം ശബരിമലയിലെ വരുമാനം ഗണ്യമായി കുറഞ്ഞ സാഹചര്യത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് പ്രത്യേക ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | 2018 ലെ പ്രളയം, ഇപ്പോഴത്തെ കോവിഡ് പ്രതിസന്ധി എന്നിവ മൂലമുണ്ടായ വരുമാനക്കുറവ് പരിഹരിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഇതുവരെ 80 കോടി രൂപ പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ട്. |
| (ഇ) | ശബരിമലയുടെ ഇടത്താവളങ്ങളുടെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ടോ; ഇതിൽ ഏതൊക്കെ ഇടത്താവളങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയെന്ന് വ്യക്തമാക്കുമോ? | (ഇ) | ഉണ്ട്. ശബരിമലയിലേയ്ക്ക് പോകുന്ന തീർത്ഥാടകർക്ക് ഇടയ്ക്ക് വിശ്രമിക്കാനും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാനും മറ്റും ഉതകത്തക്കരീതിയിൽ നിലയ്ക്കൽ, എരുമേലി, കഴക്കൂട്ടം, ചെങ്ങന്നൂർ, ശ്രീകപുരം, മണിയൻകോട്, ചിറങ്ങര എന്നിവിടങ്ങളിലെ ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് 145 കോടി രൂപ ചെലവിൽ ശബരിമല ഇടത്താവളങ്ങളുടെ നിർമ്മാണം കിഫ്ബി മുഖാന്തരം നിർവ്വഹിക്കുന്നതിന് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് നൽകിയിട്ടുണ്ട്. കിഫ്ബിയുടെ ധനാനുമതി ലഭിച്ചതിന് ശേഷം വർക്ക് ടെണ്ടർ ചെയ്ത് ഒരുമാസത്തിനകം പണികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ